**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 431** **11-08-2021 - ൽ മറുപടിയ്ക്ക്**

**പ്രണയം നിരസിച്ചതിന് പെൺകുട്ടികൾ കൊല ചെയ്യപ്പെടുന്ന സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പ്രണയം നിരസിച്ചതിന് പെൺകുട്ടികൾ കൊല ചെയ്യപ്പെടുന്ന സംഭവങ്ങൾ ഉയർന്നുവരുന്ന ഗുരുതരമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഈ അടുത്തകാലത്തായി രണ്ടു സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. |
| (ബി) | കോതമംഗലത്ത് ഡെന്റൽ കോളേജ് വിദ്യാർത്ഥിനിയെ വെടിവെച്ച് കൊന്ന സംഭവത്തിന്റെ അടിസ്ഥാനത്തിൽ സമാന സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്തെങ്കിലും അതിക്രമങ്ങൾ സംബന്ധിച്ച അറിവോ പരാതിയോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ നേരിട്ട് ചെന്ന് ഇത്തരം പരാതി നൽകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതിയും നടപ്പാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ""Aparajitha.pol@kerala.gov.in" സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനു പുറമേ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് യഥാസമയം പോലീസ് സഹായം എത്തിക്കുന്നതിന് പ്രത്യേക പോലീസ് കമാൻഡ് സെൻറർ പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിൽ എവിടെ നിന്നും |

ഏതു സമയവും 112 എന്ന നമ്പറിൽ അടിയന്തര സേവനം തേടാവുന്നതാണ്. വിളിക്കുന്ന ആൾ ഉള്ള സ്ഥലം കൃത്യമായി മനസ്സിലാക്കി സേവനം നൽകുന്നതിന് പോലീസ് കമാൻഡ് സെൻററിന് കഴിയും. സൈബർ ലോകത്തടക്കം സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. കുട്ടികളുടെയും സ്ത്രീകളുടെയും അശ്ലീലചിത്രങ്ങളും മറ്റും പ്രചരിപ്പിക്കുകയും മാരകായുധങ്ങൾക്ക് പരസ്യം നൽകുകയും ചെയ്യുന്ന ഡാർക്ക് നെറ്റ്, സാമൂഹ്യമാധ്യമങ്ങൾ എന്നിവ പരിശോധിക്കുന്നതിന് വിക്റ്റിം ഐഡൻറിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ ഇവ ഇൻറർനെറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്ത്രീകളെയും കുട്ടികളെയും സൈബറിടങ്ങളിലെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് Cyber Crime Prevention against Women & Children (CCPWC) നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള പ്രണയബന്ധങ്ങളിലെ ചതിക്കുഴികളെപ്പറ്റി കേരള പോലീസിൻറെ സോഷ്യൽ മീഡിയ സെൽ, സ്റ്റേറ്റ് മീഡിയ സെൻറർ, സൈബർഡോം എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'സുരക്ഷിക്കണം e-കാലം' എന്ന സോഷ്യൽ മീഡിയ കാംപെയ്ൻ ആരംഭിച്ചിട്ടുണ്ട്. സൈബർ സൗഹൃദങ്ങൾ പരിധിവിട്ട് പോകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം പോസ്റ്ററുകൾ തയ്യാറാക്കി പ്രചരിപ്പിച്ചു വരുന്നു. ഇത്തരം ചതിക്കുഴികളിൽപ്പെടാതിരിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും വനിതാസെല്ലുകൾ, ജനമൈത്രി പോലീസ് എന്നിവ മുഖേന കൗൺസിലിംഗ് നൽകിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ വഴി 'സെൽഫ് ഡിഫൻസ് ട്രെയിനിംഗ്' നൽകിവരുന്നു. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | തടയുന്നതിൻറെ ഭാഗമായി കുട്ടികളും സ്ത്രീകളും കൂടുതൽ കേന്ദ്രീകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുഇടങ്ങളിലും വനിതകൾ ഉൾപ്പെടെയുള്ള പോലീസിൻറെ കർശനമായ പെട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ പരിശോധിച്ചിട്ടില്ല. |
| (സി) | സോഷ്യൽമീഡിയ വഴിയുള്ള സൗഹൃദം പിന്നീട് കൊലപാതകത്തിലേക്ക് നയിക്കുന്ന സാഹചര്യം തടയുന്നതിന് ബോധവത്കരണ പരിപാടികളും നിയമനിർമ്മാണവും നടത്താൻ മുൻകൈയെടുക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് പെൺകുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്തെങ്കിലും അതിക്രമങ്ങൾ സംബന്ധിച്ച അറിവോ പരാതിയോ ലഭിച്ചാൽ സ്റ്റേഷനതിർത്തി പരിഗണിക്കാതെ തന്നെ കേസ് രജിസ്റ്റർ ചെയ്യുന്നതിനും തുടരന്വേഷണത്തിന് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറിനുള്ളിൽ കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ നേരിട്ട് ചെന്ന് ഇത്തരം പരാതി നൽകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അവരുടെ താമസയിടങ്ങളിൽ ചെന്ന് പരാതി നേരിട്ട് സ്വീകരിക്കുന്ന രീതിയും നടപ്പാക്കിയിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ""Aparajitha.pol@kerala.gov.in" സ്ത്രീകൾക്ക് സ്വകാര്യമായി പരാതി നൽകുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ്. ഇതിനു പുറമേ, പരാതികൾ നേരിട്ടറിയിക്കുന്നതിന് 9497996992 എന്ന നമ്പറിൽ സേവനം ലഭ്യമാണ്. പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെയും അറിയിക്കാവുന്നതാണ്. ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് യഥാസമയം പോലീസ് സഹായം എത്തിക്കുന്നതിന് പ്രത്യേക പോലീസ് കമാൻഡ് സെൻറർ പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിൽ എവിടെ നിന്നും ഏതു സമയവും 112 എന്ന നമ്പറിൽ അടിയന്തര സേവനം തേടാവുന്നതാണ്. വിളിക്കുന്ന ആൾ ഉള്ള സ്ഥലം കൃത്യമായി മനസ്സിലാക്കി സേവനം നൽകുന്നതിന് പോലീസ് കമാൻഡ് സെൻററിന് കഴിയും. സൈബർ ലോകത്തടക്കം സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾ, പൊതുഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് |

| | | | |
|---|---|---|---|
| | | | സംവിധാനം, മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് ഈ പദ്ധതി. കുട്ടികളുടെയും സ്ത്രീകളുടെയും അശ്ലീലചിത്രങ്ങളും മറ്റും പ്രചരിപ്പിക്കുകയും മാരകായുധങ്ങൾക്ക് പരസ്യം നൽകുകയും ചെയ്യുന്ന ഡാർക്ക് നെറ്റ്, സാമൂഹ്യമാധ്യമങ്ങൾ എന്നിവ പരിശോധിക്കുന്നതിന് വിക്ടിം ഐഡൻറിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. അന്താരാഷ്ട്ര ഏജൻസികളുടെ സഹായത്തോടെ ഇവ ഇൻറർനെറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സ്ത്രീകളെയും കുട്ടികളെയും സൈബറിടങ്ങളിലെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് Cyber Crime Prevention against Women & Children (CCPWC) നടപ്പാക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള പ്രണയബന്ധങ്ങളിലെ ചതിക്കുഴികളെപ്പറ്റി കേരള പോലീസിൻറെ സോഷ്യൽ മീഡിയ സെൽ, സ്റ്റേറ്റ് മീഡിയ സെൻറർ, സൈബർഡോം എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. രക്ഷകർത്താക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 'സുക്ഷിക്കണം e-കാലം' എന്ന സോഷ്യൽ മീഡിയ കാംപെയ്ൻ ആരംഭിച്ചിട്ടുണ്ട്. സൈബർ സൗഹൃദങ്ങൾ പരിധിവിട്ട് പോകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം പോസ്റ്ററുകൾ തയ്യാറാക്കി പ്രചരിപ്പിച്ചു വരുന്നു. ഇത്തരം ചതിക്കുഴികളിൽപ്പെടാതിരിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും വനിതാസെല്ലുകൾ, ജനമൈത്രി പോലീസ് എന്നിവ മുഖേന കൗൺസിലിംഗ് നൽകിവരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സ്കൂൾ, കോളേജ്, കുടുംബശ്രീ തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ വഴി 'സെൽഫ് ഡിഫൻസ് ട്രെയിനിംഗ്' നൽകിവരുന്നു. ഇത്തരം ക്രിമിനൽ പ്രവർത്തനങ്ങൾ തടയുന്നതിൻറെ ഭാഗമായി കുട്ടികളും സ്ത്രീകളും കൂടുതൽ കേന്ദ്രീകരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുഇടങ്ങളിലും വനിതകൾ ഉൾപ്പെടെയുള്ള പോലീസിൻറെ കർശനമായ പെട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യം ഇപ്പോൾ പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ